# കുറിച്ചി ഗ്രാമപഞ്ചായത്ത്

## 2026–27 സാമ്പത്തിക വർഷത്തെ ബജറ്റ്

# ആമുഖം

ജനകീയസൂത്രണ പദ്ധതിയുടെ രണ്ടര പതിറ്റാണ്ടുകൾ പൂർത്തിയായ സാഹചര്യത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയആസൂത്രണ ത്തിന്റേയും അനുഭവ പാരമ്പര്യവുമായിട്ടാണ് നമ്മുടെ പഞ്ചായത്ത് ഈ വർഷത്തെ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്.

കുറിച്ചി ഗ്രാമപഞ്ചായത്തിലെ സർവ്വതോൻമുഖമായ വികസനത്തിന് ഊടും പാവും നെയ്യുന്ന വിവിധതരത്തിലുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്. പ്രത്യേകിച്ച് കാർഷികമേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കുക, ലൈഫ് ഭവന പദ്ധതിയിലൂടെ സ്വന്തമായി വീടില്ലാത്തമുഴുവൻ ആളുകൾക്കും വീട് നൽകുക. ജലജീവൻ മിഷൻ പദ്ധതിയിലൂടെയും മറ്റു ചെറുകിട പദ്ധതികളിലൂടെയും, അതോടൊപ്പം നിലവിലുള്ള തണ്ണീർത്തടങ്ങളെ സംരക്ഷിച്ചുകൊണ്ടും കുറിച്ചിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക, മാലിന്യമുക്ത കുറിച്ചി ആശയത്തിലൂടെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്താകുക, കുടുംബശ്രീയുടെ സഹായത്തോടെ സ്വയംതൊഴിൽ സംരംഭകർക്ക് മുൻതൂക്കം നൽകിക്കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഈ ബജറ്റ് പ്രാധാന്യം നൽകുന്നത്. ഇതിന് ആവശ്യമായ ധനവിഭവം വിവിധമാർഗങ്ങളിലൂടെ സമാഹരിക്കേണ്ടതുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ത്രിതല പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഫണ്ടിനൊപ്പം ആയതിന് ആവശ്യമായ എല്ലാ പരിശ്രമങ്ങളും തനത് വരുമാനം വർധിപ്പിച്ചു കഴിയുന്നത്ര ധനവിനിയോഗം സാധ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനം യാഥാർഥ്യമാക്കാൻ എല്ലാ ഭരണസമിതി അംഗങ്ങളുടെയും, ജീവനക്കാരുടെയും, പൊതുജനങ്ങളുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എം.എൻ. മുരളീധരൻ നായർ
പ്രസിഡന്റ്

കുറിച്ചി
02-03-2026

# ബജറ്റ് പ്രസംഗം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ്1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 214 ഉം, കേരളസർക്കാരിന്റെ ഫിനാൻസ് മാനേജ്മെന്റ് മാനുവൽ പ്രകാരവും തയ്യാറാക്കിയത് കമ്മറ്റി മുമ്പാകെ അവതരിപ്പിക്കുകയാണ്. ബജറ്റ്തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും, സഹായങ്ങളും നൽകിയ ഭരണസമിതിഅംഗങ്ങൾക്കും, സ്ഥാപനമേധാവികൾക്കും, ജീവനക്കാർക്കും, പ്രത്യേകിച്ച് ധനകാര്യ സ്ഥിരംസമിതിയിലെ അംഗങ്ങൾക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. ബഹു. സംസ്ഥാന സർക്കാർ സംസ്ഥാന ബജറ്റിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുതരുന്ന ഫണ്ടുകളുടെ അടിസ്ഥാനത്തിലും സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകളിൽ നടപ്പിലാക്കേണ്ട സമഗ്ര വികസനങ്ങളുടെ നിർദ്ദേശമനുസരിച്ച് ജനകീയാസൂത്രണവുമായി സംയോജിപ്പിച്ചുകൊണ്ട് നവകേരള കർമ്മപദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്തിനെ ശക്തിപ്പെടുത്തുന്നതരത്തിലുള്ള സമീപനമാണ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്.

സർക്കാർ നിർദ്ദേശം അനുസരിച്ച് ഉൽപാദനമേഖല, പാർപ്പിടം, ശുചിത്വം, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ദുരന്ത നിവാരണം എന്നീ വിഭാഗങ്ങൾക്കെല്ലാം ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാവുന്ന തുകയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2026-27 വർഷവും വസ്തു നികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മറ്റ് വരവുകൾ 100% പിരിച്ചെടുക്കാൻ ലക്ഷ്യമിടുന്നു. തൻവർഷം ലൈസൻസ് ഫീസ് മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചടുക്കാനുള്ള ശ്രമം നടത്തിവരുന്നു. പഞ്ചായത്ത് ജീവനക്കാരും ജനപ്രതിനിധികളും ഒരേ മനസ്സോടെ പ്രവർത്തിച്ചതിന്റെ ഫലമായി വാർഡുകളിലെ വസ്തു നികുതിശേഖരണത്തിൽ വലിയ നേട്ടം കൈവരിക്കുവാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. ഇതൊരു വലിയ നേട്ടമായി കണക്കാക്കുന്നു. ഇതിനു വേണ്ടി പ്രവർത്തിച്ച പഞ്ചായത്ത് ജീവനക്കാരേയും ജനപ്രതിനിധികളേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

എല്ലാവർക്കും വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച ലൈഫ് - 2020 പദ്ധതിയിൽ ഭൂമിയുള്ള ഭവനരഹിതരിൽ ആകെ 351 കുടുംബങ്ങളും ഭൂരഹിത ഭവനരഹിതരിൽ ആകെ 234 കുടുംബങ്ങളും മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ 152 വീടുകൾ അനുവദിച്ചു. ടി വീടുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ ലൈഫ്ഫേസ് 3 ൽ ഉൾപ്പെട്ട 65 പേർക്ക് വസ്തുവാങ്ങി നൽകുകയും ചെയ്തു. 214 ഗുണഭോക്താക്കൾക്ക് (ജനറൽ, എസ്.സി., വനിതകൾ ഗൃഹനാഥയായിട്ടുള്ളവർ, ഇ.പി.ഐ.പി.വിഭാഗം) ധനസഹായം അനുവദിച്ചു. കൂടാതെ ടോയ്‌ലറ്റ് ഇല്ലാത്ത 56 ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമ്മിച്ചു നൽകുകയും ചെയ്തു. കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ പരമാവധി വിഭവശേഷി ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സഹായം എത്തിക്കുന്നതിനുള്ള ദൗത്യമാണ് നമ്മൾ ഏറ്റെടുത്തിരിക്കുന്നത്.

കാർഷിക മേഖല, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഉല്പാദനമേഖലയിൽ 1 കോടി രൂപ വകയിരുത്തുന്നു. ഇതിൽ

നെൽക്കൃഷി വികസനം, പച്ചക്കൃഷി വികസനം, പുഷ്പക്കൃഷി, കുറ്റിക്കുരുമുളക് , മുട്ടക്കോഴി, പശുവിതരണം, പോത്തുകുട്ടി വിതരണം, കാലിത്തീറ്റ സബ്സിഡി, പാൽ ഇൻസെന്റീവ്, മത്സ്യ ത്തൊഴിലാളികളുടെ വികസനം തുടങ്ങിയ പദ്ധതികൾക്കായി ഈ തുക മാറ്റിവയ്ക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയിലൂടെ കാർഷികോൽപാദന മുന്നേറ്റം, മത്സ്യകൃഷി വ്യാപനം, പാൽ ഉൽപാദനം വർദ്ധിപ്പിക്കൽ എന്നിവയും ബജറ്റ് ലക്ഷ്യമിടുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി 1 കോടി 54 ലക്ഷം രൂപ വകയി രുത്തുന്നു. ഇതിൽ കോളനികളുടെ നവീകരണത്തിനായി 30 ലക്ഷം രൂപയും, വിവാഹധനസ ഹായം- 12.5 ലക്ഷം രൂപയും, വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പിനായി 5 ലക്ഷം രൂപയും, ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് ഇനത്തിൽ 18 ലക്ഷം രൂപയും കുടിവെള്ള ടാങ്ക് വിതര ണത്തിനായി 2 ലക്ഷം രൂപയും പഠനോപകരണം നൽകുന്നതിനായി 2 ലക്ഷം രൂപയും, കിണർ മെയിന്റനൻസിനായി 2 ലക്ഷം രൂപയും തുടങ്ങിയ പദ്ധതികൾക്കായി പട്ടികജാതി വികസന ഫണ്ട് വകയിരുത്തുന്നു.

ശുചിത്വ മേഖലയിൽ മാലിന്യ മുക്തഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഹരിതസഹായ സംഘത്തിന്റെ പ്രവർത്തനത്തിനായി 4 ലക്ഷം രൂപ വകയിരുത്തുന്നു. നമ്മുടെ പഞ്ചായത്ത് പാഴ്മാലിന്യ ശേഖരണത്തിൽ 100% കവറേജും, യൂസർഫീയും പിരിച്ചെടുക്കുന്നതിന് ബഡ്ജ റ്റിൽ ലക്ഷ്യമിടുന്നു. കലണ്ടർ രൂപീകരിച്ച് നൽകി ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. എം.സി.എഫ്. നിർമ്മാണം, എം.സി.എഫിലേയ്ക്ക് ബെയിംലിംഗ് മെഷീൻ, കൺവെയർ ബെൽറ്റ് എന്നിവയ്ക്കായി 20 ലക്ഷം രൂപയും പഞ്ചായത്ത് പരിധിയി ലുള്ള ഓടകൾ നവീകരിക്കുന്നതിനും വീടുകളിലും സ്ഥാപനങ്ങളിലും കമ്പോസ്റ്റ് ബിന്നുകൾ നൽകുന്നതിനുമായി 10 ലക്ഷം രൂപയും, മലിനീകരിക്കപ്പെട്ട തോടുകൾ ശുചീകരിക്കുന്നതി നായി 10 ലക്ഷം രൂപയും പഞ്ചായത്ത് പരിധിയിലുള്ള കുളങ്ങൾ ശുചീകരിക്കുന്നതിന് 10 ലക്ഷം രൂപയും പഞ്ചായത്ത് പരിധിയിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് 4 ലക്ഷം രൂപയും വകയിരുത്തുന്നു. പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് 1 കോടി രൂപ വകയിരു ത്തുന്നു.

ലൈഫ് ഭവനപദ്ധതി ഉൾപ്പെടുന്ന പാർപ്പിട മേഖലയ്ക്ക് 1 കോടി 20 ലക്ഷം രൂപ വകയി രുത്തുന്നു. ഇതിൽ ലൈഫ് പദ്ധതി ജനറൽ വിഭാഗത്തിനായി, വസ്തു വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി 34 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 20 ലക്ഷം രൂപയും പട്ടിക വർഗ്ഗവിഭാഗത്തിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു. കൂടാതെ ജനറൽ വിഭാഗത്തിന് വീട് മെയിന്റനൻസിനായി 44 ലക്ഷം രൂപയും, പട്ടികജാതി വിഭാഗത്തിന് വീട് മെയിന്റനൻസിനായി 48 ലക്ഷം രൂപയും വകയിരുത്തുന്നു.

- കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെയും എം.എൽ.എ.യുടെ ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു. ഭൂഗർഭ ജലവകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തന രഹിതമായ കുഴൽക്കിണറുകൾ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജലജീവൻ മിഷൻ പദ്ധതിയിൽ നിന്നും കുറിച്ചി പഞ്ചായത്തിലേക്കും ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പഞ്ചായത്തിലെ വിവിധ ജലസ്രോതസ്സുകൾ നവീകരിച്ച് പ്രദേശത്തെ ശുദ്ധജലക്ഷാമം

പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. കൂടാതെ പ്രത്യേക കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

- യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് സ്റ്റേഡിയം ടർഫ് സ്റ്റേഡിയമാക്കുന്നതിനും ഇതിലൂടെ പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിനായി ബഹു. എം.എൽ.എ. 50 ലക്ഷം രൂപയും, കായിക ക്ഷേമ വകുപ്പ് 50 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിനായി 1 ലക്ഷം രൂപയും കേരളോത്സവത്തിനായി 1.5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഓപ്പൺ ജിംനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. എക്സൈസ് വകുപ്പുമായി സംയോജിച്ച് ലഹരിവിരുദ്ധ ബോധവല്ക്കരണവും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 50000 രൂപ വകയിരുത്തുന്നു.
- വയോജനങ്ങൾക്കും പാലിയേറ്റീവ് കെയർ പദ്ധതികൾക്കുമായി 27 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാലിയേറ്റീവ് പദ്ധതിക്കായി 10 ലക്ഷം രൂപയും പകൽവീട് നിർമ്മാണത്തിനായി 10 ലക്ഷം രൂപയും വയോജനങ്ങൾക്ക് കട്ടിൽ, അവരുടെ മാനസിക ഉല്ലാസത്തിനായി വയോജനസംഗമം എന്നിവയ്ക്കായി 7 ലക്ഷം രൂപയും വകയിരുത്തുന്നു.
- വീട്ടമ്മമാർക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ തൊഴിൽ പരിശീലനവും പെൺകുട്ടികൾക്ക് സ്വയംരക്ഷയ്ക്കുള്ള പ്രതിരോധ മുറകൾ പരിശീലിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ സ്വയം തൊഴിലിനായി 30 ലക്ഷം രൂപയും, വനിതാ ജിം സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപയും വകയിരുത്തുന്നു.
- കുറിച്ചി പഞ്ചായത്തിലെ ഒന്ന്, രണ്ട്, എട്ട്, ഒമ്പത്, പത്ത് വാർഡുകളിൽ വില്ലേജ് ടൂറിസം സാധ്യത കണ്ടെത്തി ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹാപ്പിനസ്സ് പാർക്കിനായി 1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- **വാതിൽപ്പടിസേവനം:** സമൂഹത്തിൽ ദുരിതം അനുഭവിക്കുന്നവർക്കായി ഏറ്റവും പുതിയതും പ്രാധാന്യമേറിയതുമായ പദ്ധതിയാണ് വാതിൽപ്പടിസേവനം. ഇതിന്റെ പ്രവർത്തനങ്ങൾ വാർഡുതല സമിതികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.
- കുട്ടികളുടെ സമഗ്ര വികസനമെന്നത് അനിവാര്യമായ ആശയമാണ്. കുട്ടികളുടെ ആരോഗ്യം, പോഷണം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതിനും ബാലസൗഹൃദ പഞ്ചായത്ത് എന്ന ആശയം നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു. ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പിനായി 23 ലക്ഷം രൂപയും, ബാലസഭാപ്രവർത്തനം, ഭിന്നശേഷി കലോത്സവം, അംഗൻവാടികളുടെ മെയിന്റനൻസ്, ഫർണിച്ചറുകൾ, സ്മാർട്ട് അംഗൻവാടി നിർമ്മാണം, അനുപൂരക പോഷകാഹാര പരിപാടി തുടങ്ങിയ പദ്ധതികൾക്കായി തുക വകയിരുത്തുന്നു.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മാതൃകാപരമായരീതിയിൽ ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്നു. പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, ജലസേചന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ, തോടുകളുടേയും നീർച്ചാലുകളുടേയും, കുളങ്ങളുടേയും സംരക്ഷണം എന്നിവയും നടപ്പിലാക്കുന്നതാണ്. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു.

- പഞ്ചായത്തിന്റെ ഗ്രാമീണറോഡുകളുടെ സംരക്ഷണം ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകി സഞ്ചാരയോഗ്യമാക്കി തീർക്കുന്നതിനാവശ്യമായി 1 കോടി 86 ലക്ഷം രൂപ റോഡ് ഫണ്ട് വകയിരുത്തുന്നു.
- ആരോഗ്യമേഖലയിലെ സമഗ്രവികസനത്തിനായി തുക..........വകയിരുത്തുന്നു. അലോപ്പതി, ആയുർവേദ ഹോമിയോ ആശുപത്രികൾക്കാവശ്യമായ മരുന്ന്, ഫർണിച്ചറുകൽ, മറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കായി ഈ തുക വകയിരുത്തുന്നു. കാൻസർ സ്ക്രീനിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് 4 ലക്ഷം രൂപയും, ഡയാലിസിസ് രോഗികളുടെ ക്ഷേമത്തിനായി 1 ലക്ഷം രൂപയും ആംബുലൻസിന് സ്ട്രേച്ചറിനായി 20000 രൂപയും വകയിരുത്തുന്നു.
- പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടത്തുന്നതിനായി ,.....................രൂപ വകയിരുത്തുന്നു. ഇതിൽ പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറിന് 2 ലക്ഷം രൂപയും, ജനപ്രതിനിധികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനി 3 ലക്ഷം രൂപയും, പഞ്ചായത്തിൽ ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനി 15 ലക്ഷം രൂപയും, സോളാർ പാനൽ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയും വകയിരുത്തുന്നു. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ പ്രദേശങ്ങളിലും സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപയും, സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനത്തിനായി 6 ലക്ഷം രൂപയും ,മിനി മാർക്കറ്റിന് 5 ലക്ഷം രൂപയും, പൊതു സ്ഥലം വാങ്ങലിനായി 20 രൂപയും വകയിരുത്തുന്നു.
- പഞ്ചായത്തിലെ ഭരണസേവനം മെച്ചപ്പെടുത്തുന്നതിനായി ഫ്രണ്ട്ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നു. പഞ്ചായത്ത് മുഴുവൻ വാർഡുകളിലും വിവിധതരം ജോലികൽ ചെയ്യുന്നവരുടേയും വ്യവസായങ്ങളും മറ്റ് കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവരുടേയും ഫോൺ നമ്പരുകൾ ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഡയറി തയ്യാറാക്കി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും നൽകുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

## കാഴ്ച്ചപ്പാട്

സമയക്രമം ആവശ്യമായ പദ്ധതി നിർവ്വഹണത്തിന് നാം വളരെയധികം ശ്രദ്ധ ചെലുത്തേണ്ട തുണ്ട്. എല്ലാ മേഖലകളേയും തൃപ്തിപ്പെടുത്താവുന്ന നിലയിൽ ബജറ്റ് തയ്യാറാക്കണമെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ വിവിധ മിഷനുകളുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളും, പദ്ധതി പ്രവർത്തനങ്ങൾക്ക് വിഭവ സ്രോതസ്സ് കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ നിലവിലെ വിഭവസ്രോതസ്സിന്റെ പരിമിതിയിൽ നിന്നുകൊണ്ട് വികസന ചട്ടക്കൂട് തയ്യാറാക്കുക മാത്രമേ സാധിക്കുകയുള്ളൂ. അനിവാര്യ മേഖലകൾക്ക് ഈ വികസനത്തിന്റെ തണലേകുക എന്നതാണ് പൊതുവായ കാഴ്ച്ചപ്പാട്. സമ്പൂർണ്ണ ശുചിത്വം , റോഡുകളുടെ വികസനം, പാലിയേറ്റീവ് കെയർ, അംഗനവാടി കളുടെ സമ്പൂർണ്ണ വികസനം, പകൽവീട് നിർമ്മാണം, യുവജനക്ഷേമം തുടങ്ങിയ മേഖലയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ജനകീയ പിന്തുണയോടെ പാതയോരങ്ങൾ വൃത്തിയാക്കി സൗന്ദര്യവല്ക്കരിക്കും.

### നയം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യചുമതലകളും, പൊതുചുമതലകളും ഉൾപ്പെടെ വിപുലമായ ചുമതലകളാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്നത്. ഭവനരഹിതരെ സഹായിക്കുക എന്നത് പഞ്ചായത്തിന്റെ ദൗത്യമായി ഏറ്റെടുത്തിരി

ക്കുകയാണ്. എസ്.സി. മേഖലയിലെ ഭവനനിർമ്മാണം ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. കൂടാതെ കുടിവെള്ളം, വൈദ്യുതി, ശുചിത്വമേഖലകളിൽ അതീവശ്രദ്ധ പുലർത്തുന്നതും കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ പ്രധാനദൗത്യം തന്നെയാണ്.

## ലക്ഷ്യം

സാമൂഹിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് കൈത്താങ്ങാകുക, നവീനമായ ആശയങ്ങളും, സംരംഭങ്ങളും ഉരുത്തിരിയുന്നതിന് വഴിയൊരുക്കുക, കായിക സാംസ്കാരിക മേഖലകളിൽ പ്രതിഭകളെ വാർത്തെടുക്കുക, എല്ലാവർക്കും പാർപ്പിട സൗകര്യം ലഭ്യമാക്കുക, ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുക, പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് സംരംഭങ്ങളേയും, കൂട്ടായ്മകളേയും പ്രചോദിപ്പിക്കുക, വെള്ളപ്പൊക്കം പോലുള്ള ദുരന്തങ്ങളേയും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

## മുൻഗണനാ വിഷയങ്ങൾ

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന നൽകി ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. പ്രത്യേക കുടിവെള്ള പദ്ധതി നടപ്പിലാക്കും. വനിതാക്ഷേമം മുൻനിർത്തി സ്വയംതൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകൽ പദ്ധതിയും ഭിന്നശേഷിക്കാരുടെ അഭിവൃദ്ധിക്കായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്സ്സ്കൂൾ പ്രവർത്തനം ആരംഭിക്കും.

## ധനസ്രോതസ്സുകളുടെ ഉപയോഗവും

ലഭ്യമായ ധനസ്രോതസ്സുകളെക്കുറിച്ച് ബജറ്റ്അവതരണത്തിൽ പ്രതിപാദിക്കുന്നതാണ്, വസ്തു നികുതിയും, തൊഴിൽ നികുതിയുമാണ് നമ്മുടെ പ്രധാന വിഭവസ്രോതസ്സുകൾ ലൈഫ് പദ്ധതിക്കു വേണ്ടി കൂടുതൽ വായ്പ വരുംവർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## അവലോകനം

മുൻകാലങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായമാറ്റങ്ങളും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തിയിട്ടുള്ള പദ്ധതികളാണ് 2026-27 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളും, പൊതുചുമതലകളും, മേഖലാ ചുമതലകളും കാര്യക്ഷമമായി നിർവഹിക്കുന്നതിനും ലഭ്യമാകുന്ന വിഭവങ്ങൾ പരമാവധി സമാഹരിക്കാനും, കൃത്യമായ ആസൂത്രണത്തിലൂടെ ഫലപ്രദമായ വിനിയോഗത്തിനും വിഭാവനം ചെയ്യുന്ന ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

## സന്ദേശങ്ങളുംആശയങ്ങളും

ബഡ്ജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും, ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനങ്ങളുടേയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

കുറിച്ചി
01-03-2026

**അഡ്വ: ആദിത്യ ഓമനക്കുട്ടൻ**
വൈസ് പ്രസിഡന്റ്

# കുറിച്ചി ഗ്രാമപഞ്ചായത്ത്

# വാർഷിക ബജറ്റ് 2026-27

| | |
|---|---|
| പ്രാരംഭ ബാക്കി | - ₹ 77929944 |
| വരവ് | -₹ 341215000 |
| ആകെ വരവ് | -₹ 419144944 |
| ചെലവ് | - ₹ 217600000 |
| ബാക്കി | -₹ 201544944 |
| പദ്ധതിച്ചെലവ് | -₹ 142123000 |
| നീക്കിബാക്കി | -₹ 59421944 |